# അമൃത യൂണിവേഴ്സിറ്റിയിൽ ഇന്ത്യയിലെ ആദ്യ സൈബർസെക്യൂരിറ്റി സ്റ്റാർട്ട്അപ്പ് ഹബ്

കൊച്ചി: അമൃത യൂണിവേഴ്സിറ്റി ടെക്ക്നോളജി ഇൻകുബേറ്ററും സെന്റർ ഫോർ സൈബർ സെക്യൂരിറ്റി സിസ്റ്റംസ് ആൻഡ് നെറ്റ്‌വർക്കും ചേർന്ന് ഇന്ത്യയിലെ ആദ്യ സൈബർസെക്യൂരിറ്റി സ്റ്റാർട്ട്അപ്പ് ഹബ് സ്ഥാപിച്ചു. ഗവേഷണം, ഫണ്ടിങ്, വ്യവസായം തുടങ്ങിയവ ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് ഇന്ത്യയിൽ പുതിയൊരു സൈബർസെക്യൂരിറ്റി സ്റ്റാർട്ട്അപ്പ് തരംഗമുണ്ടാക്കുകയാണ് ലക്ഷ്യം. രാജ്യത്ത് 4000ത്തിലധികം സ്റ്റാർട്ട്അപ്പുകളുണ്ട്, എന്നാൽ 100ൽ താഴെ മാത്രമാണ് സൈബർ സെക്യൂരിറ്റിയുടെയും ബന്ധപ്പെട്ട മേഖലകളിലെയും ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നത്. സൈബർ രംഗത്ത് ലോകമൊട്ടുക്കും ഓരോ മിനിറ്റിലും യുദ്ധം നടക്കുന്ന ഈ കാലത്ത് സൈബർ സെക്യൂരിറ്റിക്ക് ദേശീയതലത്തിൽ തന്നെ തന്ത്രപ്രധാന്യമുണ്ടെന്നും സാമ്പത്തികവും സൈനികവുമായ തലങ്ങളിൽ ഇന്ത്യക്ക് ഈ വെല്ലുവിളികളെ അതിജീവിക്കേണ്ടതുണ്ടെന്നും അമൃത യൂണിവേഴ്സിറ്റിയുടെ പുതിയ സൈബർസെക്യൂരിറ്റി സ്റ്റാർട്ട്അപ്പ് ഹബ് ഇന്നവേഷൻ, റിസർച്ച്, സ്റ്റാർട്ട്അപ്പ് ഹബ് തുടങ്ങിയ തലങ്ങളിൽ പുതിയൊരു തുടക്കം കുറിക്കുമെന്നും അമൃത യൂണിവേഴ്സിറ്റി ടെക്ക്നോളജി ബിസിനസ് ഇൻകുബേറ്റർ സിഇഒ കൃഷ്ണശ്രീ അച്ചുതൻ പറഞ്ഞു.